# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5214 05.07.2012 ൽ മറുപടിയ്ക്ക്

## വാഹനങ്ങളിലെ നമ്പർ പ്ലേറ്റുകൾ

| ചോദ്യം<br>ശ്രീ.ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ)വാഹനങ്ങളിലെ നമ്പർ പ്ലേറ്റുകൾ എഴുതി പ്രദർശിപ്പിക്കുന്നതിലെ നിബന്ധനകളും മാനദണ്ഡങ്ങളും നിലവിൽ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ; | (എ) | (1) വാഹനത്തിന്റെ രജിസ്ട്രേഷൻ മാർക്ക് വാഹനത്തിന്റെ മുൻപിലും, പുറകിലും വ്യക്തമായി കാണുവാൻ കഴിയുന്ന രീതിയിൽ 30 ഡിഗ്രിയിൽ കൂടുതൽ ചരിവില്ലാത്ത പ്രതലത്തിൽ തിരശ്ചീനമായി പ്രദർശിപ്പിച്ചിരിക്കണം.<br>(2) മോട്ടോർ സൈക്കിളുകളിൽ മുൻപിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് ഹാൻഡിൽ ബാറിലോ , മഡ്ഗാർഡ് ഉൾപ്പെടെയുള്ള വാഹനത്തിന്റെ ഏതെങ്കിലും ഭാഗത്തോ സമാന്തരമായി പ്രദർശിപ്പിച്ചിരിക്കണം.<br>(3) ട്രാൻസ്പോർട്ട് വാഹനത്തിന്റെ പുറകിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് വലതു വശത്തായി, തറയിൽ നിന്ന് ഒരു മീറ്ററിൽ കൂടാത്ത ഉയരത്തിൽ വേണം പ്രദർശിപ്പിച്ചിരിക്കേണ്ടത്.<br>(4) ട്രാൻസ്പോർട്ട് വെഹിക്കിളിന്റെ കാര്യത്തിൽ വാഹനത്തിന്റെ ഇടത് വശത്തും, വലത് വശത്തും പ്രദർശിപ്പിച്ചിരിക്കണം.<br>(5) ഡ്രൈവറെയും, യാത്രക്കാരെയും തമ്മിൽ വേർതിരിക്കുന്ന ഭാഗത്ത് യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിച്ചിരിക്കണം. എന്നാൽ അത്തരത്തിൽ ഒരു വേർതിരിവ് ഇല്ലായെങ്കിൽ സ്റ്റേജ് കാര്യേജുകളിലും, കോൺട്രാക്ട് കാര്യേജുകളിലും ഡ്രൈവറുടെ സീറ്റിന് ഇടതു വശത്ത് മേൽക്കൂരയ്ക്ക് തൊട്ടടുത്തായി യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും, ടാക്സി കാബ്, മോട്ടോർ കാബ് എന്നിവയിൽ ഡാഷ്ബോർഡിലും നമ്പർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.<br>(6) ട്രെയിലറുകളുടെ കാര്യത്തിൽ, ട്രെയിലറുകളെ വലിച്ചുകൊണ്ടുപോകുന്ന വാഹനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത് കൂടാതെ ട്രെയിലറിന്റെയോ, ഏറ്റവും അവസാനത്തെ ട്രെയിലറിന്റെയോ പുറകിൽ ഇടത് വശത്തായി നമ്പർ |

| | | |
|---|---|---|
| | | പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.<br>(7) രജിസ്ട്രേഷൻ മാർക്ക് രണ്ട് വരികളിലായാണ് പ്രദർശിപ്പിച്ചിരിക്കേണ്ടത്. സ്റ്റേറ്റ് കോഡ്, രജിസ്റ്ററിംഗ് അതോറിറ്റി കോഡ് എന്നിവ ആദ്യത്തെ വരിയിലും, ബാക്കി ഭാഗം രണ്ടാമത്തെ വരിയിലും എന്ന രീതിയിലാണ് പ്രദർശിപ്പിക്കേണ്ടത്. എന്നാൽ മുൻവശത്ത് രജിസ്ട്രേഷൻ മാർക്ക് ഒരു വരിയിൽ തന്നെ പ്രദർശിപ്പിക്കേണ്ടതാണ്.<br>(8) പുറകിൽ രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യമില്ലാത്ത തരം വാഹനങ്ങളിൽ ഒരു വരിയിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചാലും മതിയാകും.<br>(9) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ചട്ടം 1993 നിലവിൽ വന്നതിനു ശേഷമുള്ള മോട്ടോർ കാബ്, മോട്ടോർ കാർ എന്നിവ ഒഴികെയുള്ള എല്ലാ വാഹനങ്ങളിലും, പുറകവശത്ത് രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.<br>(10) ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ രജിസ്ട്രേഷൻ മാർക്ക് തിളക്കമുള്ള അക്ഷരങ്ങളിൽ മദ്ധ്യത്തായി പ്രദർശിപ്പിച്ചിരിക്കണം.<br>(11) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടറുകളിൽ രജിസ്ട്രേഷൻ മാർക്ക് 30 ഡിഗ്രിയിൽ കൂടുതൽ ചരിവോടുകൂടി പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.<br>(12) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടർ വലിച്ചുകൊണ്ടു പോകുന്ന അഗ്രികൾച്ചറൽ ട്രെയിലർ അല്ലെങ്കിൽ ട്രെയിലറുകളിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കണമെന്നില്ല. ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മഞ്ഞ പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും, മറ്റ് വാഹനങ്ങളിൽ വെളുത്ത പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചിരിക്കണം. രജിസ്ട്രേഷൻ മാർക്കിന്റെ വലുപ്പത്തെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പല സ്വകാര്യ വാഹനങ്ങളിലും ഫാൻസി രൂപത്തിൽ നമ്പർ പ്ലേറ്റുകൾ എഴുതി പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ? | (സി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 50-നും 51-നും വിരുദ്ധമായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. ചട്ടവിരുദ്ധമായ രീതിയിൽ നമ്പർ പ്രദർശിപ്പിച്ചതിന് 2010-ൽ 2510 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 3,29,960/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2011-ൽ 3050 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 4,23,750/- രൂപ പിഴയിനത്തിൽ ഈടാക്കുകയുമുണ്ടായി. 2012-ൽ ഇതേ വരെ 2040 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 3,20,850 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | വാഹനത്തിന്റെ തരം | | കുറയാത്ത വലുപ്പം (മില്ലീമീറ്റർ) | | |
|---|---|---|---|---|---|
| | | | ഉയരം | വണ്ണം | ഇടയിലുള്ള അകലം |
| 1 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാരേജുകളും | പുറകിലെ അക്ഷരങ്ങൾ | 35 | 7 | 5 |
| 2 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാരേജുകളും | പുറകിലെ അക്കങ്ങൾ | 40 | 7 | 5 |
| 3 | 70 സി.സി യിൽ കുറവ് എഞ്ചിൻ കപ്പാസിറ്റി ഉള്ള മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 15 | 2.5 | 2.5 |
| 4 | മറ്റ് മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 30 | 5 | 5 |
| 5 | 500 സിസിയിൽ കുറവ് എഞ്ചിൻ കപ്പാസിറ്റിയുള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും , പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 35 | 7 | 5 |
| 6 | 500 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റി ഉള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും , പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 40 | 7 | 5 |
| 7 | മറ്റെല്ലാ മോട്ടോർ വാഹനങ്ങളും | മുൻവശത്തെയും , പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 65 | 10 | 10 |

സെക്ഷൻ ഓഫീസർ